**File No.LSGD-DB1/756/2018-LSGD**

**I/3651314/2019**

**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല - ആലംകോട് ഗ്രാമ പഞ്ചായത്ത് - 2017 - 18 വർഷത്തെ ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - മിച്ചമുള്ള തുക 2018 - 19 ലെ ലൈഫ് പദ്ധതിയിൽ ഉപയോഗിക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.88/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/01/2019

---

പരാമർശം:- 1 ആലംകോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 05-10-2018 തീയതിയിലെ എ2-2484/17 നമ്പർ കത്ത്.

2 30-11-2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നം.4.2.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമ പഞ്ചായത്ത് 2017 -18 വർഷം ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് 22,10,000/ രൂപ വകയിരുത്തിയിരുന്നുവെന്നും ആകെയുണ്ടായിരുന്ന 16 ഗുണഭോക്താക്കളിൽ 11 പേരുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന 5 പേർ പിന്മാറിയതിനാൽ ഈ പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചതിൽ 12,10,000/-രൂപ മിച്ചമുണ്ടെന്നും ഈ തുക 2018 -19 ലെ ലൈഫ് പദ്ധതിയിൽ ഉപയോഗിക്കാൻ അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ആലംകോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി.

2. ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും പരാമർശം (2) ന്റെ അടിസ്ഥാനത്തിൽ 2017 - 18 വർഷത്തെ പഞ്ചായത്ത് വിഹിതമായി മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമ പഞ്ചായത്തിന് ലഭിച്ചതിൽ മിച്ചമുള്ള 12,10,000/-രൂപ 2018 -19 ലെ ലൈഫ് പദ്ധതിയിൽ ഉപയോഗിക്കാൻ ആലംകോട് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പ്രസിഡന്റ്/സെക്രട്ടറി, ആലംകോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

.4/2019

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ